പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 66

# 2017-ലെ കേരള ജലസ്രോതസ്സ് സംരക്ഷണ അതോറിറ്റി രൂപീകരണ ബിൽ

(ശ്രീ. ബി. സത്യൻ എം. എൽ. എ. നോട്ടീസ് നൽകിയത്)

477/2017.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 66

# 2017-ലെ കേരള ജലസ്രോതസ്സ് സംരക്ഷണ അതോറിറ്റി രൂപീകരണ ബിൽ

(ശ്രീ. ബി. സത്യൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

## സംസ്ഥാനത്തെ ജലസ്രോതസ്സുകൾ അനുദിനം ഇല്ലാതാവുകയും മലിനമാക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അവയെ സംരക്ഷിക്കുന്നതിനും സ്രോതസ്സുകളിലെ ജലചൂഷണം തടയുന്നതിനും അതുവഴി കൊടും വരൾച്ചയിൽ നിന്നും സംസ്ഥാനത്തെ രക്ഷിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—ജലദൗർലഭ്യം നേരിടുന്ന ഈ വേളയിൽ ജലസ്രോതസ്സുകൾ സംരക്ഷിക്കേണ്ടത് ആവശ്യമാകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും ആരംഭവും വ്യാപ്തിയും.— (1) ഈ ആക്ടിന് 2017-ലെ 'കേരള ജലസ്രോതസ്സ് സംക്ഷണ അതോറിറ്റി രൂപീകരണ ആക്ട്' എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവചനങ്ങൾ.—(എ) 'ജലസ്രോതസ്സ്' എന്നാൽ നീരുറവകൾ, കുളങ്ങൾ, തടാകങ്ങൾ, നെൽവയലുകൾ, തോടുകൾ തുടങ്ങി എല്ലാ ജലാശയങ്ങളും ഉൾപ്പെടുന്നു.

(ബി) 'അതോറിറ്റി' എന്നാൽ കേരള സംസ്ഥാന ജലസ്രോതസ്സ് സംരക്ഷണ അതോറിറ്റി എന്നർത്ഥമാകുന്നു.

(സി) 'തദ്ദേശസ്വയംഭരണ സ്ഥാപനം' എന്നാൽ ജലസ്രോതസ്സ് സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്ത്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എന്നർത്ഥമാകുന്നു.

3. അതോറിറ്റിയുടെ ഘടന.—(1) ജലവിഭവ വകുപ്പ് സെക്രട്ടറി ചെയർമാനായിരിക്കും.

(2) തദ്ദേശസ്വയംഭരണം, നഗരകാര്യം, പരിസ്ഥിതി, ആരോഗ്യവകുപ്പ് സെക്രട്ടറിമാർ അതോറിറ്റിയിലെ സർക്കാർ പ്രതിനിധികളായിരിക്കും.

(3) എല്ലാ ജില്ലാ കലക്ടർമാരും അംഗങ്ങളായിരിക്കും. അവരുടെ നേതൃത്വത്തിലുള്ള ജില്ലാതലത്തിലുള്ള തദ്ദേശസ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർ സമിതി അംഗങ്ങളായിരിക്കും.

(4) റിവർ മാനേജ്മെന്റ്, പരിസ്ഥിതി മേഖലയിലെ നാല് വിദഗ്ദ്ധൻമാരെ കമ്മിറ്റിയിൽ ഉൾപ്പെടുത്താവുന്നതാണ്.

(5) അതോറിറ്റിയുടെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കും.

(6) ഉദ്യോഗസ്ഥ നിയമനം, ജീവനക്കാരെ അന്യത്ര സേവനം വഴി പൊതുഭരണ വകുപ്പ് സെക്രട്ടേറിയറ്റിൽ നിന്നും നിയമിക്കാവുന്നതാണ്.

4. അതോറിറ്റിയുടെ അധികാരങ്ങൾ.—(1) ജലാശയങ്ങൾ നികത്തിയത് പൂർവ്വസ്ഥിതിയിലാക്കുക.

(2) ജലാശയങ്ങൾ നികത്തിയവരിൽ നിന്നും പിഴ ഈടാക്കുക.

(3) ജലസ്രോതസ്സുകൾ മലിനമാക്കുന്നവരിൽ നിന്നും പിഴ ഈടാക്കുകയും നിയമനടപടി സ്വീകരിക്കുകയും ചെയ്യുക.

(4) ജലവിതരണത്തിലെ ക്രമക്കേടുകൾക്കെതിരെ സുസ്ഥിര നടപടി കൈക്കൊള്ളുക.

(5) കുടിവെള്ള കമ്പനികൾക്കുള്ള ലൈസൻസ് വ്യവസ്ഥകൾ രൂപീകരിക്കുക.

(6) സ്രോതസ്സുകളിൽ നിന്ന് ജലചൂഷണം നടത്തുന്നവരിൽ നിന്നും പിഴ ഈടാക്കുകയും നിയമനടപടി സ്വീകരിക്കുകയും ചെയ്യുക.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരളത്തിൽ ജലസ്രോതസ്സുകൾ അനുദിനം ഇല്ലാതായിക്കൊണ്ടിരിക്കുകയും മലിനമാക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അവയെ സംരക്ഷിക്കുന്നതിനും സ്രോതസ്സുകളിലെ ജലചൂഷണം തടയുന്നതിനും വ്യവസ്ഥ ചെയ്യുന്നതിന് ഒരു ജലസ്രോതസ്സ് സംരക്ഷണ അതോറിറ്റി രൂപീകരിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

അതോറിറ്റി പിഴ ഈടാക്കുന്നതിനാൽ, ഈ ബിൽ പാസാകുകയും വ്യവസ്ഥകൾ പൂർണ്ണമായി പ്രാബല്യത്തിൽ വരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

ബി. സത്യൻ, എം. എൽ. എ.